# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ കെ എൽ എം/397/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 22/07/2022
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2.അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ, കൊല്ലം

3.കാര്യാലയ പകർപ്പ്

നമ്പർ: കെ എസ് എ കെ എൽ എം/397/22 തീയ്യതി: 22/07/2022

## കൊല്ലം ജില്ലയിലെ വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-09-2020 മുതൽ 20-01-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. കെ. പി. മാത്യുറോയ് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 21-01-2022 | 29-01-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 21-01-2022 | 29-01-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സജികുമാർ.ജി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി. മഞ്ജുളാ സാഗർ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.രാജൻ വി ഡി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.ഹർഷ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. കെ. ചന്ദ്രകുമാരി | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 30-12-2020 |
| ശ്രീ.കെ.ഹർഷകുമാർ | പ്രസിഡന്റ് | 31-12-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.അനു.സി എസ് | സെക്രട്ടറി | 01-04-2020 | 08-02-2021 |
| ശ്രീ.സുരേഷ് കുമാർ കെ എസ് | സെക്രട്ടറി | 08-02-2021 | 31-03-2021 |
| ശ്രീമതി. മിത. വി. ധരൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി.പ്രിയ എൽ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീ. അജിത്കുമാർ. പി. വി. | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ | 01-04-2020 | 31-03-2021 |
| ശ്രീമതി. സാവിത്രിദേവി. കെ. | സി.ഡി.പി.ഒ | 01-04-2020 | 31-03-2021 |
| ശ്രീമതി. ശ്രീജ. പി. | സി.ഡി.പി.ഒ, അഡീഷണൽ | 01-04-2020 | 16-09-2020 |
| ശ്രീമതി.ജയകുമാരി.ജെ | സി.ഡി.പി.ഒ, അഡീഷണൽ | 16-09-2020 | 31-03-2021 |
| ഡോ.ശോഭ കെ | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി, കുളക്കട) | 01-04-2020 | 31-03-2021 |
| ശ്രീമതി.മീര | ക്ഷീര വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ. സുനിൽ കുമാർ | പട്ടികജാതി വികസന ഓഫീസർ | 01-04-2020 | 04-08-2020 |
| ശ്രീ.ബിനോയ് | പട്ടികജാതി വികസന ഓഫീസർ | 05-08-2020 | 31-03-2021 |
| ശ്രീ. സുബിൻ. എസ്. | വ്യവസായ വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ. നിസാം. എം. എ. | സീനിയർ വെറ്റിനറി സർജൻ | 01-04-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Manjula Sagar (Asst. Audit Officer, On 02-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 16-07-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Manjula Sagar (Asst. Audit Officer, On 02-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 16-07-2022) | 1-2 |
| 3 | വാർഷിക കണക്കുകളിലെ അപാകതകൾ<br>Written By: Manjula Sagar (Asst. Audit Officer, On 02-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 20-07-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Manjula Sagar (Asst. Audit Officer, On 02-02-2022)<br>Last Updated By: Naseer S (Computer Assistant, On 22-07-2022) | 1-3 |
| 5 | ഗ്രാൻറ് സ്റ്റേറ്റ്മെന്റ്<br>Written By: Manjula Sagar (Asst. Audit Officer, On 02-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 20-07-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Manjula Sagar (Asst. Audit Officer, On 02-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 16-07-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Manjula Sagar (Asst. Audit Officer, On 02-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 16-07-2022) | 1-6 |
| 8 | ക്യാഷ് പരിശോധന<br>Written By: Rajan.V.D (Senior Grade Auditor, On 03-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 16-07-2022) | 1-7 |
| 9 | ആഭ്യന്തര നിയന്ത്രണം (ഓഡിറ്റ് മാന്വൽ പാർട്ട് 1 അനുബന്ധം ബി)<br>Written By: Rajan.V.D (Senior Grade Auditor, On 03-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 16-07-2022) | 1-8 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Rajan.V.D (Senior Grade Auditor, On 03-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 16-07-2022) | 1-9 |
| 11 | ഇ ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറം വില കൈമാറിയിട്ടില്ല.<br>Written By: G.Sajikumar (Audit Officer (HG), On 03-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 20-07-2022) | 1-10 |
| 12 | ലൈബ്രറികൾക്ക് വാങ്ങിയ ഉപകരണങ്ങൾ വിതരണം നടത്തിയില്ല.<br>Written By: G.Sajikumar (Audit Officer (HG), On 01-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 20-07-2022) | 1-11 |
| 13 | മുൻകൂർ തുക നൽകിയിട്ടും കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ ലഭ്യമാക്കിയില്ല.<br>Written By: G.Sajikumar (Audit Officer (HG), On 01-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 20-07-2022) | 1-12 |
| 14 | ബെയിലിംഗ് മെഷീൻ സ്ഥാപിച്ചില്ല - മുൻകൂർ തിരിച്ചടയ്ക്കേണ്ടതാണ്.<br>Written By: G.Sajikumar (Audit Officer (HG), On 01-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 20-07-2022) | 1-13 |
| 15 | ടാർവീപ്പയുടെ വില ഇനത്തിൽ ഈടാക്കി തനത് ഫണ്ടിൽ സൂക്ഷിച്ചിട്ടുള്ള 28,372/-രൂപ സർക്കാരിലേയ്ക്ക് ഒടുക്കവരുത്തണം.<br>Written By: G.Sajikumar (Audit Officer (HG), On 02-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 20-07-2022) | 1-14 |
| 16 | പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.<br>Written By: Rajan.V.D (Senior Grade Auditor, On 02-02-2022) | 1-15 |

| | | |
|---|---|---|
| | Last Updated By: Bini Chandran S (Computer Assistant, On 20-07-2022) | |
| 17 | കോവിഡ്-19 റിലീഫ് ഫണ്ടിലേയ്ക്ക് ജനപ്രതിനിധികളുടെ ഹോണറേറിയത്തിൽ നിന്നും കുറവുവരുത്തി 1,21,400/-രൂപ സെക്രട്ടറിയുടെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.<br>Written By: G.Sajikumar (Audit Officer (HG), On 02-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 20-07-2022) | 1-16 |
| 18 | വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയില്ല.<br>Written By: G.Sajikumar (Audit Officer (HG), On 02-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 20-07-2022) | 1-17 |
| 19 | നിക്ഷേപക പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്ര പ്രകാരം ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തിരികെ ഈടാക്കണം.<br>Written By: G.Sajikumar (Audit Officer (HG), On 02-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 21-07-2022) | 1-18 |
| 20 | രേഖകൾ ഹാജരാക്കിയില്ല - 7,00,000/-രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Manjula Sagar (Asst. Audit Officer, On 03-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 20-07-2022) | 1-19 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റിയുടെ അംഗീകാരമില്ലാതെ ലൈബ്രറി ഉപകരണങ്ങൾ വാങ്ങലിനായി ചെലവഴിച്ച തുക നിരാകരിക്കുന്നു.<br>Written By: G.Sajikumar (Audit Officer (HG), On 15-07-2022)<br>Last Updated By: Bini Chandran S (Computer Assistant, On 20-07-2022) | 3-1 |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Manjula Sagar (Asst. Audit Officer, On 02-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 16-07-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Manjula Sagar (Asst. Audit Officer, On 02-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 21-07-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Manjula Sagar (Asst. Audit Officer, On 02-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 16-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Rajan.V.D (Senior Grade Auditor, On 03-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 20-07-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Manjula Sagar (Asst. Audit Officer, On 02-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 20-07-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Manjula Sagar (Asst. Audit Officer, On 02-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 20-07-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Manjula Sagar (Asst. Audit Officer, On 02-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 20-07-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Manjula Sagar (Asst. Audit Officer, On 03-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 20-07-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Rajan.V.D (Senior Grade Auditor, On 03-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 20-07-2022) | 4-9 |

| | | |
|---|---|---|
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Rajan.V.D (Senior Grade Auditor, On 03-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 21-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Rajan.V.D (Senior Grade Auditor, On 03-02-2022)<br>Last Updated By: Sreekumar.S (Auditor, On 21-07-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധപത്രികകൾ | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

24/3/2020 തീയതിയിലെ 1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 14.2.2021 തീയതിയിലെ 11(1) നം. തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2020 | 22.6.2020 | - | - |

### 1-2-1 വാർഷിക കണക്കുകളിലെ അപാകതകൾ

1) സംയുക്ത പ്രോജക്ടുകളുടെ വരവ് – ചെലവ് സംബന്ധിച്ച വേർതിരിച്ച വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.
2) RP-32, RP-45 ഷെഡ്യൂളുകൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല
3) ഇ.എം.എസ് ലോൺ - ചക്കുവരക്കൽ സർവീസ് സഹകരണ ബാങ്കിന്റെ സ്റ്റേറ്റ്മെന്റ് പ്രകാരം 2019-20 വർഷം മുതലിൽ തിരിച്ചടക്കാൻ ബാക്കിയുള്ള 6,00,000/-രൂപയിൽ 5,99,999/-രൂപ തിരിച്ചടച്ചിട്ടുണ്ട്. മുതലിൽ ബാക്കി 1/-രൂപ. എന്നാൽ ബാലൻസ് ഷീറ്റ് B-5 ഷെഡ്യൂൾ പ്രകാരം ഈയിനത്തിൽ ബാക്കി 48,29,559/-രൂപ.
4) ബാലൻസ് ഷീറ്റ് B-11 ഷെഡ്യൂളിൽ ബറിയൽ ലാൻഡ് എന്നയിനത്തിൽ 20,00,000/-രൂപ രേഖപ്പെടുത്തിയിരിക്കുന്നു. ഇപ്രകാരം ഒരു ആസ്തിയുള്ളതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.
5) ബാലൻസ് ഷീറ്റ് B-7 ഷെഡ്യൂളും RP-34 (വരവ്, ചെലവ്) മായി പൊരുത്തപ്പെടുന്നില്ല.
6) ബാലൻസ് ഷീറ്റ് B-9 ഷെഡ്യൂളും RP-36 (വരവ്, ചെലവ്) മായി പൊരുത്തപ്പെടുന്നില്ല
7) ബാലൻസ് ഷീറ്റ് B-7 ഷെഡ്യൂൾ – Contracter's EMD – 2018-19 ൽ 11,500/-രൂപ, 2020-21ൽ 15,500/-രൂപ, 4,000/-രൂപ യുടെ വരവിന്റെ കൃത്യത വ്യക്തമല്ല.
രജിസ്റ്റർ പ്രകാരം ഈയിനത്തിൽ 2020-21 വർഷം വരവില്ല.

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 4,17,42,534/-രൂപ |
| വരവ് | 9,26,36,051/-രൂപ |
| ആകെ | 13,43,78,585/-രൂപ |
| ചെലവ് | 9,54,01,082/-രൂപ |
| നീക്കിയിരിപ്പ് | 3,89,77,503/-രൂപ |
| വരവ് നഷ്ടം | - |
| ചെലവ് നഷ്ടം | 24,048/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 50,54,664/-രൂപ |

### 1-4 ഗ്രാൻറ് സ്റ്റേറ്റ്മെന്റ്

| ഗ്രാന്റ് | മുന്നിരിപ്പ് (രൂപ) | വരവ് (രൂപ) | ആകെ (രൂപ) | ചെലവ് (രൂപ) | നീക്കിയിരിപ്പ്/ലാപ്സായ തുക (രൂപ) | ക്യൂ ബിൽ |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 3,90,68,731/- | 3,90,68,731/- | 3,69,11,207/- | 21,57,524/- | |
| വികസനഫണ്ട് | 0 | 2,67,80,000/- | 2,67,80,000/- | 2,47,97,141/- | 19,82,859/- | |

| | | | | | | |
|---|---|---|---|---|---|---|
| (എസ്.സി.പി) | | | | | | |
| സി.എഫ്.സി -അൺടൈഡ് | 0 | 73,40,000/- | 73,40,000/- | 49,88,158/- | 23,51,842/- | |
| സി.എഫ്.സി - ടൈഡ് | 0 | 73,40,000/- | 73,40,000/- | 43,61,560/- | 29,78,440/- | |
| മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ് | 0 | 68,84,000/- | 68,84,000/- | 65,62,529/- | 3,21,471/- | |
| കേന്ദ്രാവിഷ്കൃത ഗ്രാന്റ് | | | | | | |
| ഐ.എ.വൈ | 1,54,050/- | 2,57,975/- | 4,12,025/- | - | 4,12,025/- | |
| റ്റി.എസ്.സി | 11,63,076/- | 2,89,435/- | 14,52,511/- | 1,49,001/- | 13,03,510/- | |
| വാട്ടർഷെഡ് | 6,02,931/- | 5,54,841/- | 11,57,772/- | 9,53,162/- | 2,04,610/- | |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (രൂപ) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (രൂപ) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 153 | 10,65,96,540/- | 120 | 7,70,50,967/- | 31 | 2 | 78.43% |

## 1-6 തൊഴിലുറപ്പ് പദ്ധതി

ഇല്ല

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 31-01-2022ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. അന്നേ ദിവസം വരവില്ലായിരുന്നു. ക്യാഷ് ബുക്ക്, ക്യാഷ് ചെസ്റ്റ് എന്നിവ പ്രകാരം നീക്കിയിരിപ്പും ഇല്ലായിരുന്നു.

## 1-8 ആഭ്യന്തര നിയന്ത്രണം (ഓഡിറ്റ് മാനവൽ പാർട്ട് 1 അനുബന്ധം ബി)

അക്രൂവൽ അടിസ്ഥാനത്തിലുള്ള ഡബിൾ എൻട്രി സമ്പ്രദായത്തിലാണ് വാർഷിക കണക്കുകൾ തയ്യാറാക്കിയിട്ടുള്ളത്. സാംഖ്യ സോഫ്റ്റ് വെയർ മുഖേന കമ്പ്യൂട്ടർ രസീതുകൾ ഉപയോഗിച്ചാണ് വരവുകൾ സ്വീകരിക്കുന്നത്. ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലോ നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഓഫീസിലോ മാന്വൽ രസീതുകൾ ഉപയോഗിക്കുന്നതായി കാണുന്നില്ല.

ബ്ലോക്ക് പഞ്ചായത്തിന്റെയോ സർക്കാരിന്റെയോ ആസ്തി അല്ലാത്ത സഹകരണ ആശുപത്രിയ്ക്ക് കെട്ടിടവും, ടോയിലെറ്റ് ബ്ലോക്കും പ്ലാൻ ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച നൽകിയതായി കാണുന്നു. സർക്കാർ അനുമതിയില്ലാതെ ലാഭേച്ഛയോടെ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് പൊതുപണം ചെലവഴിച്ചത് ദുർവിനിയോഗമാണ്.

കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾവാങ്ങുന്നതിനായി മുൻകൂറായി തുക കെൽട്രോൺ മുഖേന ഒടുക്കിയിട്ടുണ്ടെങ്കിലും ഉപകരണങ്ങൾ നാളിതുവരെ ലഭിച്ചിട്ടില്ല. സർക്കാർ നിർദ്ദേശപ്രകാരമുള്ള കമ്പ്യൂട്ടർ രജിസ്റ്റർ സ്ഥാപനത്തിൽ സൂക്ഷിച്ചുവരുന്നില്ല. യഥാസമയം വിനിയോഗ സാക്ഷ്യപത്രം തുക നൽകിയ സ്ഥാപനങ്ങളിൽ നിന്നും വാങ്ങുന്നതിനും, വിനിയോഗ സാക്ഷ്യപത്രം ലഭ്യമായവയിൽ

അവശേഷിക്കുന്ന തുക തിരികെ ഈടാക്കുവാനും ബ്ലോക്ക് പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. ഇ-ടെണ്ടർ, ടെണ്ടർ ഫോറവില ഇനത്തിൽ ലക്ഷക്കണക്കിന് രൂപ ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിൽ ഒടുക്കുവരുത്തുവാൻ അവശേഷിക്കുന്നു. പദ്ധതി മാർഗ്ഗരേഖ അനുശാസിക്കുംവിധം പദ്ധതികൾ ആവിഷ്കരിക്കുവാനും, സർക്കാർ നിർദ്ദേശപ്രകാരം സംരക്ഷണ ഗ്രാന്റ് (റോഡിതരം) ചെലവഴിക്കുവാനും സ്ഥാപനത്തിന് കഴിഞ്ഞിട്ടില്ല. ഇത്തരം അപാകതകൾ ഒഴിവാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 03.01.2022 | 2020-21 | ലഭിച്ചില്ല |
| അക്കൌണ്ട് ജനറലിന്റെ ഓഡിറ്റ് | 26.06.2018 മുതൽ 30.06.2018 വരെ | 2013-14 മുതൽ 2017-18 വരെ | 13.08.2018 |

1-10 ഇ ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറം വില കൈമാറിയിട്ടില്ല.

11-08-2018 മുതൽ ബ്ലോക്ക് പഞ്ചായത്ത് അസി. എക്സി. എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ഇ ടെണ്ടർ ചെയ്യുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില ക്രെഡിറ്റ് ചെയ്ത് വരുന്നത്. ടി അക്കൗണ്ടിൽ 06-01-2022 ൽ 2,07,510/-രൂപ ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യാൻ അവശേഷിക്കുന്നു. ടി തുക ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

1-11 ലൈബ്രറികൾക്ക് വാങ്ങിയ ഉപകരണങ്ങൾ വിതരണം നടത്തിയില്ല.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 സാമ്പത്തിക വർഷം ലൈബ്രറികൾക്ക് ഉപകരണങ്ങൾ നല്കുന്നതിനായി 2 പ്രോജക്ടുകളാണ് നടപ്പിലാക്കിയിട്ടുള്ളത്.

1) ലൈബ്രറികൾക്ക് ഉപകരണങ്ങൾ നല്കൽ (133/21)

അടങ്കൽ തുക – 5,71,249/-രൂപ (വികസന ഫണ്ട്)

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ARTCO എന്ന സ്ഥാപനത്തിൽ നിന്നും നിന്നും 5,70,094/-രൂപ ചെലവഴിച്ച് താഴെ കൊടുത്തിരിക്കുന്ന ഉപകരണങ്ങൾ വാങ്ങി.

| ക്ര. നം | ഉപകരണം | എണ്ണം |
|---|---|---|
| 1 | കസേര (നീൽ കമൽ) | 160 |
| 2 | സ്റ്റീൽ ബുക്ക് ഷെൽഫ് | 40 |
| 3 | സ്റ്റീൽ മേശ | 2 |

ഇതിനായി ബിൽ റെഫറൻസ് നം 100009073 തീയതി 11-04-2020 പ്രകാരം 94,400/-രൂപ ബിൽ നം 12 തീ 21-07-20 പ്രകാരം 4,75,694/-രൂപയും ഉൾപ്പെടെ ആകെ 5,70,094/-രൂപ ചെലവഴിച്ചു.

ഇതുമായി ബന്ധപ്പെട്ട് താഴെ കൊടുത്തിരിക്കുന്ന അപാകതകൾ കാണുന്നു.

1) അർഹതയുള്ള ലൈബ്രറികളെ തെരെഞ്ഞെടുത്ത കമ്മറ്റി തീരുമാനം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2) ലഭിച്ച സ്റ്റീൽ ബുക്ക് ഷെൽഫ് 40 എണ്ണത്തിൽ 36 എണ്ണം മാത്രമേ വിതരണം ചെയ്തിട്ടുള്ളു. വിതരണം ചെയ്യാതെ അവശേഷിക്കുന്ന 4 സ്റ്റീൽ ബുക്ക് ഷെൽഫിന്റെ വിലയായ 4 X 11,655=

46,620/-രൂപ തടസ്സപ്പെടുത്തുന്നു.

3) 9 ലൈബ്രറികൾ കസേരകൾ കൈപ്പറ്റിയതായി രസീത് സൂക്ഷിച്ചിരിക്കുന്നു. എന്നാൽ എത്രവീതം കസേരകളാണ് നല്കിയിട്ടുള്ളതെന്ന് രേഖപ്പെടുത്തിയിട്ടില്ല. ഒരു കസേരയ്ക്ക് 590/-രൂപ ചെലവഴിച്ച് വാങ്ങിയിട്ടുള്ള 160 കസേരകളുടെ കൃത്യമായ വിതരണ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ 160 കസേര വാങ്ങുന്നതിനായി ചെലവഴിച്ച 94,400/-രൂപ തടസ്സപ്പെടുത്തുന്നു.

2) ലൈബ്രറി ഉപകരണങ്ങൾ വാങ്ങൽ (174/21)

അടങ്കൽ തുക - 1,50,000/-രൂപ (വികസന ഫണ്ട്)

ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റിയുടെ 14-08-2020 ലെ 3(10) നം തീരുമാന പ്രകാരം ടി പ്രോജക്ടിലേയ്ക്ക് 10 അലമാരകൾ വാങ്ങി നല്കുന്നതിന് 15 ലൈബ്രറികളുടെ പേർ നിർദ്ദേശിക്കുകയും, ഇതിൽ ആദ്യം അപേക്ഷ നല്കുന്ന 10 ലൈബ്രറികൾക്ക് അലമാര നല്കുവാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തു, തുടർന്ന് ARTCO എന്ന സ്ഥാപനത്തിൽ നിന്നും ബിൽ നം 24, 18-08-2020 പ്രകാരം 1,44,290/-രൂപ ചെലവഴിച്ച് 12 അലമാരകൾ വാങ്ങി. 10 അലമാരകൾ വാങ്ങി വിതരണം ചെയ്യുവാനാണ് കമ്മറ്റി നിർദ്ദേശിച്ചിരുന്നതെങ്കിലും 12 എണ്ണം വാങ്ങി ഇതിൽ 10 എണ്ണം മാത്രമേ വിതരണം ചെയ്തിട്ടുള്ളൂ. ആയതിനാൽ വിതരണം ചെയ്യാത്ത 2 അലമാരകൾ വാങ്ങുന്നതിനായി ചെലവഴിച്ച 24,048/-രൂപ നിരാകരിക്കുന്നു. (ഖ. 3-1 കാണുക)

ലൈബ്രറികൾക്ക് ഉപകരണങ്ങൾ നല്കൽ (133/21) പ്രകാരം വാങ്ങിയ 4 അലമാരകൾ വിതരണം ചെയ്യാതെ അവശേഷിക്കെ, വീണ്ടും (133/21) പ്രോജക്ട് പ്രകാരം അലമാരകൾ നല്കിയിട്ടുള്ള ലൈബ്രറികൾക്ക് തന്നെ അലമാരകൾ നല്കുന്നതിനുള്ള പ്രോജക്ട് നടപ്പിലാക്കിയിരിക്കുന്നു. വിതരണം ചെയ്യാതെ 2 അലമാരകൾ സൂക്ഷിച്ചിരിക്കുന്നു. ആവശ്യകത കണക്കാക്കാതെ ഉപകരണങ്ങൾ വാങ്ങുന്നതുമൂലമാണ് ഉപകരണങ്ങൾ വിതരണം ചെയ്യാൻ കഴിയാതെ വരുന്നത്. 2 പ്രോജക്ടിലുമായി ചൂണ്ടിക്കാട്ടിയ അപാകതകൾ പരിഹരിച്ച് രേഖകൾ ഹാജരാക്കി 1,41,020/-രൂപയുടെ തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക - 1,41,020/-രൂപ
നിരാകരിക്കുന്ന തുക - 24,048/-രൂപ

ഓഡിറ്റ് അന്വേഷണം നം – 03/27-01-2022

1-12 മുൻകൂർ തുക നൽകിയിട്ടും കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ ലഭ്യമാക്കിയില്ല.

കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനായി 2020-21 സാമ്പത്തികവർഷം കെൽട്രോണിന്റെ ഇൻവോയിസുകൾ പ്രകാരം മുൻകൂറായി തുകകൾ ഒടുക്കുവരുത്തിയിട്ടുണ്ട്.

| ക്ര. നം | പ്രോജക്ട് | ചെലവ് തുക(രൂപ) | ബിൽ നം |
|---|---|---|---|
| 1 | ബ്ലോക്ക് റഫറൻസ് ലൈബ്രറിക്ക് കമ്പ്യൂട്ടർ ഉപകരണങ്ങൾ വാങ്ങൽ (103 /21)<br>അടങ്കൽ തുക- 1,00,000/- (സംരക്ഷണ ഗ്രാന്റ്, റോഡിതരം) | 62,784/- | 54152, 12-04-20 |
| 2 | കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ (102/21)<br>അടങ്കൽ തുക-95,202/-(സംരക്ഷണ ഗ്രാന്റ്, റോഡിതരം) | 95,202/- | 54151, 11-04-20 |
| 3 | കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങൽ (101/21) | 1,76,718/- | 54150, 12-04-2020 |

| | | | |
|---|---|---|---|
| | അടങ്കൽ തുക- 1,76,718/-(സംരക്ഷണ ഗ്രാന്റ്, റോഡിതരം) | | |
| | ആകെ | 3,34,704/- | |

മുൻകൂറായി തുക ഒടുക്കുവരുത്തിയിട്ടും നാളിതുവരെ കമ്പ്യൂട്ടർ ഉപകരണങ്ങൾ ലഭിച്ചിട്ടില്ല. ആയതിനാൽ കെൽട്രോണിൽ ഒടുക്കുവരുത്തിയിട്ടുള്ള 3,34,704/-രൂപ തടസ്സപ്പെടുത്തുന്നു. ഉപകരണങ്ങൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. നിശ്ചിത സമയപരിധിക്കുള്ളിൽ ഉപകരണങ്ങൾ ലഭ്യമാക്കാതിരുന്ന കെൽട്രോണിനെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക – 3,34,704/-രൂപ

ഓഡിറ്റ് അന്വേഷണം നം – 03/27-01-2022

1-13 ബെയിലിംഗ് മെഷീൻ സ്ഥാപിച്ചില്ല - മുൻകൂർ തിരിച്ചടയ്ക്കേണ്ടതാണ്.

പ്രോജക്ട് നം – 187/21, ബെയിലിംഗ് മെഷീൻ സ്ഥാപിക്കൽ
നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ തുക-

| | |
|---|---|
| വികസന ഫണ്ട് | 1,65,000/-രൂപ |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 15,75,000/-രൂപ |
| ആകെ | 17,40,000/-രൂപ |

ടി പ്രോജക്ടിൽ ഉൾപ്പെടുത്തി കുളക്കട, ഉമ്മന്നൂർ, മൈലം എന്നീ പഞ്ചായത്തുകളിലേയ്ക്ക് ബെയിലിംഗ് മെഷീൻ വാങ്ങുന്നതിനായി ഒരു ബെയിലിംഗ് മെഷീന്റെ വിലയായ 5,61,216/-രൂപയുടെ 40% തുകയായ 2,24,486/-രൂപ ക്രമം 3, എണ്ണത്തിന്റെ 40% തുകയായ 6,73,458/-രൂപ ക്ലീൻ കേരളാ കമ്പനിക്ക് മുൻകൂർ നല്കി, ടി സ്ഥാപനവുമായി 10-02-2021 ൽ കരാറിൽ ഏർപ്പെട്ടു. കരാറിലെ വ്യവസ്ഥ 6 പ്രകാരം കരാറിൽ ഏർപ്പട്ട് 90 ദിവസത്തിനുള്ളിൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് ക്ലീൻ കേരളാ കമ്പനി ഉപകരണം വിതരണം ചെയ്യേണ്ടതാണ്.

വ്യവസ്ഥ 7 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനം ആവശ്യമായ ക്രമീകരണങ്ങൾ ചെയ്താൽ, മുഴുവൻ തുകയും കൈപ്പറ്റി 3 ആഴ്ചയ്ക്കുള്ളിൽ ഉപകരണം സ്ഥാപിച്ച് കമ്മീഷൻ ചെയ്യുന്ന പ്രവൃത്തി ക്ലീൻ കേരളാ കമ്പനി പൂർത്തീകരിക്കുന്നതാണ് എന്നാൽ ഓഡിറ്റ് കാലയളവുവരെ 40% തുക മുൻകൂറായി നല്കൽ മാത്രമേ നടന്നിട്ടുള്ളൂ. ആയതിനാൽ മുൻകൂറായി നല്കിയിട്ടുള്ള 6,73,458/-രൂപ തടസ്സപ്പെടുത്തുന്നു. ഉപകരണം സ്ഥാപിച്ച് കമ്മീഷൻ ചെയ്ത് വിവരം അറിയിച്ച് പരാമർശം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക – 6,73,458/-രൂപ

ഓഡിറ്റ് അന്വേഷണം നം – 03/27-01-2022

1-14 ടാർവീപ്പയുടെ വില ഇനത്തിൽ ഈടാക്കി തനതു ഫണ്ടിൽ സൂക്ഷിച്ചിട്ടുള്ള 28,372/-രൂപ സർക്കാരിലേയ്ക്ക് ഒടുക്കുവരുത്തണം.

സർക്കുലർ 59827/FM/07/ത.സ്വ.ഭ.വ 30-10-2007 പ്രകാരം ടാർവീപ്പയുടെ വില ഏതു ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് അതേ ഫണ്ടിൽ ഗവ. ഉത്തരവ് (അച്ചടി) 177/06/ ധനം, തീയതി 12-04-2006 ഖണ്ഡിക 10.3 പാലിച്ച് തിരിച്ചടയ്ക്കണം. 2019-20 സാമ്പത്തിക വർഷത്തിൽ ടാർ വീപ്പയുടെ വില (ജി.എസ്.ടി ഉൾപ്പെടെ) പഞ്ചായത്ത് ഫണ്ടിലേയ്ക്ക് ഒടുക്കുവരുത്തിയിട്ടുണ്ട്. എന്നാൽ ടാർ വീപ്പയുടെ വില, ജി.എസ്.ടി എന്നിവ സർക്കാരിലേയ്ക്ക് ഒടുക്കുവരുത്തിയിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രവൃത്തി | ടാർ വീപ്പയുടെ വില (രൂപ) | ജി.എസ്.ടി (രൂപ) | ആകെ(രൂപ) |
|---|---|---|---|---|
| 1 | ഡി എം കോൺവെന്റ് റോഡ് റീ ടാറിംഗ്<br>അടങ്കൽ തുക- 5,00,000/-(വികസന ഫണ്ട് )<br>ബിൽ നം.42/20-21, 27-02-21 | 5,712/- | 1,028/- | 6,740/- |
| 2 | പൊരീക്കൽ വായനശാല പ്ലാക്കാട് കാഞ്ഞിരംവിള ജംഗ്ഷൻ റോഡ് റീ ടാറിംഗ്<br>അടങ്കൽ തുക- 6,00,000/-(വികസന ഫണ്ട് )<br>ബിൽ നം. 40/20-21 -02-21 | 6,214/- | 1,092/- | 7,306/- |
| 3 | മേലില പട്ടമല ചരുവിളഭാഗം റോഡ് റീ ടാറിംഗ്<br>അടങ്കൽ തുക- 6,00,000/-(വികസന ഫണ്ട് )<br>രസീത് നം. 121050100006, തീ 31-01-2022 | 3,803/- | 688/- | 4,491/- |
| 4 | കൊച്ചുകുന്നംപുറം കൊയ്പ്പള്ളി റോഡ് റീ ടാറിംഗ്<br>അടങ്കൽ തുക- 15,00,000/- (വികസന ഫണ്ട് )<br>ബിൽ നം. 44/20-21, 27-02-21 | 5,019/- | 1,163/- | 6,182/- |
| 5 | ഐ എച്ച് പി കോളനി റോഡ് റോഡ് റീ ടാറിംഗ്<br>അടങ്കൽ തുക- 6,00,000/-(വികസന ഫണ്ട് )<br>ബിൽ നം.22/20-21, 20-10-20 | 3,003/- | 650/- | 3,653/- |
| | ആകെ | 23,751/- | 4,621/- | 28,372/- |

ബ്ലോക്ക് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ ഉൾപ്പെട്ടിട്ടുള്ള 28,372/-രൂപാ സർക്കാരിലേയ്ക്ക് ഒടുക്കുവരുത്തി വിവരം അറിയിക്കേണ്ടതാണ്.

1-15 പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

നിർവഹണോദ്യോഗസ്ഥൻ - പട്ടികജാതി വികസന ഓഫീസർ

പദ്ധതി നം - 192/21

അടങ്കൽ - 40,00,000/-രൂപ

ചെലവ് തുക – 19,00,000/-രൂപ

എസ്.സി വിദ്യാർത്ഥികൾക്ക് പഠന സൗകര്യമൊരുക്കൽ എന്ന പദ്ധതി പ്രകാരം 20 ഗുണഭോക്താക്കൾക്ക് പഠനമുറി നിർമ്മിക്കുന്നതിനായി തുക അനുവദിച്ചിട്ടുണ്ട്. അതിൽ താഴെ പറയുന്ന 5 ഗുണഭോക്താക്കൾ നാളിതുവരെയായിട്ടും പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നം | ഗുണഭോക്താവ് | ആകെ കൈപ്പറ്റിയ തുക (രൂപ) |
|---|---|---|
| 1 | ദേവദത്തൻ ഡി,<br>ദേവാലയം, മേലില പി ഒ | 1,25,000/-<br>50,000/-(Bill No-1/3-11-20)<br>75,000/- (Bill No-4/20-01-21) |

| | | |
|---|---|---|
| 2 | അമിതരാജ്,<br>ഗിരിസദനം, മുകളുവിള, ഉമ്മന്നൂർ | 1,25,000/-<br>50,000/-(Bill No-1/3-11-20)<br>75,000/- (2021-22 ലെ ചെലവ്) |
| 3 | ഹരികുമാർ എം,<br>ചരുവിള പുത്തൻവീട്, ചക്കുവരയ്ക്കൽ | 1,25,000/-<br>50,000/-(Bill No-1/3-11-20)<br>75,000/- (Bill No- 9/27-03-21) |
| 4 | പ്രജീഷ് പ്രദോഷ്,<br>മുകളിൽ വീട്, ചെറുപൊയ്ക | 1,25,000/-<br>50,000/-(Bill No-5/26-02-21)<br>75,000/- (2021-22 ലെ ചെലവ്) |
| 5 | അതുൽജിത്ത്<br>ബീനാഭവൻ, മേലില പി ഒ | 1,25,000/-<br>50,000/-(Bill No-5/26-02-21)<br>75000/- (2021-22 ലെ ചെലവ്) |

തൻവർഷ ചെലവ് തുക 4,00,000/-രൂപ തടസ്സത്തിൽ വയ്ക്കുന്നു. മേൽ ഗുണഭോക്താക്കളെക്കൊണ്ട് പഠനമുറിനിർമ്മാണം പൂർത്തീകരിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കേണ്ടതും തുടർനടപടി വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

തടസ്സപ്പെടുത്തിയ തുക – 4,00,000/-രൂപ

ഓഡിറ്റ് അന്വേഷണം – 14/22/02-02-22

1-16 കോവിഡ്-19 റിലീഫ് ഫണ്ടിലേയ്ക്ക് ജനപ്രതിനിധികളുടെ ഹോണറേറിയത്തിൽ നിന്നും കുറവുവരുത്തി 1,21,400/-രൂപ സെക്രട്ടറിയുടെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.

കോവിഡ്-19 റിലീഫ് ഫണ്ടിലേയ്ക്ക് ജനപ്രതിനിധികളുടെ ഹോണറേറിയത്തിൽ നിന്നും 25% വീതം 4 തവണയായി കുറവുവരുത്തി 1,21,400/-രൂപ സെക്രട്ടറിയുടെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | വൗച്ചർ നമ്പർ/തീയതി | തുക (രൂപ) |
|---|---|---|
| 1 | 8/20-21, 14-05-20 | 30,350/- |
| 2 | 12/20-21, 01-06-20 | 30,350/- |
| 3 | 18/20-21, 02-07-20 | 30,350/- |
| 4 | 23/20-21, 03-08-2020 | 30350/- |
| | ആകെ | 1,21,400/- |

ഇപ്രകാരം തുകകൾ സെക്രട്ടറിയുടെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നത് സംബന്ധിച്ച് 01-02-2022 ൽ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് ( നം. 9) ജനപ്രതിനിധികളുടെ ഹോണറേറിയത്തിൽ നിന്നും കുറവുവരുത്തിയ തുക ഉടൻതന്നെ സർക്കാരിലേയ്ക്ക് ഒടുക്കുവരുത്തി വിവരം അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. 1,21,400/-രൂപ സർക്കാരിലേയ്ക്ക് ഒടുക്കുവരുത്തി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം - 9/01-02-2022

1-17 വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രോജക്ടുകളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് വിവിധ സ്ഥാപനങ്ങളിൽ ഒടുക്കുവരുത്തിയിട്ടുള്ള താഴെ കൊടുത്തിട്ടുള്ള തുകകളുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

| ക്രമ നം | പ്രോജക്റ്റ് | തുക സ്വീകരിച്ച സ്ഥാപനം | തുക(രൂപ) | ബിൽ നം/തീയതി |
|---|---|---|---|---|
| 1 | കുളക്കട സി എച്ച് സിയിൽ സി സി ടി വി ക്യാമറ (129/21) | P W D Electronic Division | 2,96,888/- | 54149/ 11.04.20 |
| 2 | കടുവാപ്പാറ – മുളവനാം കുഴി കോളനി കുടിവെള്ള പദ്ധതി (184/21) | ഭൂജല വകുപ്പ്, കൊല്ലം | 7,85,675/- | 17, 13.10.20 |
| 3 | എസ് സി കുടിവെള്ള പദ്ധതി ചെപ്ര പള്ളിമുക്ക് കോളനി (128/21) | കേരളാ വാട്ടർ അതോറിറ്റി | 6,90,000/- | 05, 10.06.2020 |
| 4 | കില സി എച്ച് ആർ ഡിയിൽ വനിതാ ഹോസ്റ്റൽ ബ്ലോക്ക് വിഹിതം (129/21) | ഡയറക്ടർ, കില | 3,00,000/- | 11, 21.07.20 |
| | | ആകെ | 20,72,563/- | |

വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം, പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ 20,72,563/-രൂപ തടസ്സപ്പെടുത്തുന്നു. വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം നിക്ഷേപ പ്രവൃത്തികളിൽ ടി സ്ഥാപനങ്ങളുമായി ഏർപ്പെട്ടിട്ടുള്ള കരാർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം – 4/28.01.2022

1-18 നിക്ഷേപക പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്ര പ്രകാരം ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തിരികെ ഈടാക്കണം.

നിക്ഷേപക പ്രവൃത്തികളുമായി ബന്ധപ്പെട്ട് വിവിധ സ്ഥാപനങ്ങളിൽ ഒടുക്കുവരുത്തിയിട്ടുള്ള തുകകളുടെ വിനിയോഗ സാക്ഷ്യപത്രപ്രകാരം താഴെ കൊടുത്തിരിക്കും പ്രകാരം തുകകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു.

| ക്രമ നം | പ്രോജക്റ്റ് | തുക സ്വീകരിച്ച സ്ഥാപനം | അടവാക്കിയ തുക(രൂപ) | ചെലവഴിച്ച തുക(രൂപ) | തിരികെ ലഭിക്കേണ്ട തുക(രൂപ) |
|---|---|---|---|---|---|
| 1 | മുകളുവിള കുടിവെള്ള പദ്ധതി (183/21) | ഭൂജല വകുപ്പ്, കൊല്ലം | 8,32,175/- (16, 13-10-20) | 6,52,800/- | 1,79,375/- |
| 2 | ജനറൽ കുടിവെള്ള പദ്ധതി (183/21) | കേരളാ വാട്ടർ അതോറിറ്റി | 4,30,000/- (18, 13-10-20) | 2,35,290/- | 1,94,710/- |
| 3 | ജനറൽ കുടിവെള്ള പദ്ധതി ലൈൻ എക്സ്റ്റൻഷൻ (144/21) | കേരളാ വാട്ടർ അതോറിറ്റി | 6,15,000/- (04, 10-06-20) | 4,11,378/- | 2,03,622/- |
| 4 | പട്ടികജാതി കോളനി കുടിവെള്ള പദ്ധതി ലൈൻ എക്സ്റ്റൻഷൻ (81/21) | കേരളാ വാട്ടർ അതോറിറ്റി | 3,09,000/- (19, 13-10-20) | 3,08,507/- | 493/- |
| 5 | എസ് സി കുടിവെള്ള പദ്ധതി ലൈൻ എക്സ്റ്റൻഷൻ, വിലങ്ങറ | കേരളാ വാട്ടർ അതോറിറ്റി | 4,30,000/- (18, 05-10-20) | 3,48,872/- | 81,128/- |

| | | | | | |
|---|---|---|---|---|---|
| | (128/21) | | | | |
| 6 | എസ് സി കുടിവെള്ള പദ്ധതി ലൈൻ എക്സ്റ്റൻഷൻ, മുകളുവിള (128/21) | കേരളാ വാട്ടർ അതോറിറ്റി | 2,32,000/- | 1,58,409/- | 73,591/- |
| | | | | ആകെ | 7,32,919/- |

വിനിയോഗ സാക്ഷ്യപത്രപ്രകാരം ബാക്കിനില്ക്കുന്ന തുകകൾ തിരികെ ഈടാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണെന്ന് കാണിച്ച് 28-01-2022 ൽ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം-4) ടി തുകകൾ ക്രമീകരിച്ച് ഇതേ നിർവ്വഹണ ഏജൻസികളെ കൊണ്ടുതന്നെ പുതിയ പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കി. ഈ മറുപടി അംഗീകരിക്കാൻ കഴിയില്ല. തുക തിരികെ ഈടാക്കുകയോ, ക്രമീകരിക്കുകയോ ചെയ്തിട്ടില്ലാത്തതിനാൽ ചെലവഴിക്കാതെ നിർവ്വഹണ ഏജൻസികളുടെ പക്കൽ അവശേഷിക്കുന്ന 7,32,919/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ടി തുകകൾ തിരികെ ഈടാക്കുകയോ, ക്രമീകരിക്കുകയോ ചെയ്ത് വിവരം അറിയിച്ച് തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക – 7,32,919/-രൂപ

1-19 രേഖകൾ ഹാജരാക്കിയില്ല - 7,00,000/-രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പദ്ധതി | എസ്.0108/21 - മൊബൈൽ വെറ്റിനറി ക്ലിനിക്ക് |
| അടങ്കൽ | 8,00,000/-രൂപ (വികസനഫണ്ട്) |
| ചെലവ് | 7,00,000/-രൂപ |
| നിർവഹണം | സീനിയർ വെറ്റിനറി സർജൻ |

2020-21 വർഷത്തെ സുലേഖാ സ്റ്റേറ്റ്മെന്റ് പ്രകാരം മൊബൈൽ വെറ്റിനറി ക്ലിനിക് എന്ന പദ്ധതിക്കായി 7,00,000/-രൂപ ചെലവായിട്ടുണ്ട്. പദ്ധതി നിർവഹണത്തിന്റെ രേഖകൾ ഹാജരാക്കാൻ ഓഡിറ്റ് റിക്വിസിഷൻ നൽകിയെങ്കിലും രേഖകൾ ഹാജരാക്കിയില്ല. അതിനാൽ ഈയിനത്തിൽ ചെലവഴിച്ച 7,00,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

തടസ്സപ്പെടുത്തിയ തുക – 7,00,000/-രൂപ

ഓഡിറ്റ് റിക്വിസിഷൻ നം – 1/26.01.2022

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റിയുടെ അംഗീകാരമില്ലാതെ ലൈബ്രറി ഉപകരണങ്ങൾ വാങ്ങലിനായി ചെലവഴിച്ച തുക നിരാകരിക്കുന്നു.

ലൈബ്രറി ഉപകരണങ്ങൾ വാങ്ങൽ (174/21)

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ തുക - 1,50,000/- രൂപ (വികസന ഫണ്ട്)

ചെലവ് – 1,44,290/- രൂപ

ബിൽ നം 24, 18-08-2020

ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റിയുടെ 14-08-2020 ലെ 3(10) നം തീരുമാന പ്രകാരം ടി പോജക്ടിലെയ്ക്ക് 10 അലമാരികൾ വാങ്ങി നല്കുന്നതിന് 15 ലൈബ്രറികളുടെ പേര് നിർദ്ദേശിക്കുകയും, ഇതിൽ ആദ്യം അപേക്ഷ നല്കുന്ന 10 ലൈബ്രറികൾക്ക് അലമാര നല്കുവാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തു, തുടർന്ന് ARTCO എന്ന സ്ഥാപനത്തിൽ നിന്നും ബിൽ നം 24, 18-08-2020 പ്രകാരം 1,44,290/-രൂപ ചെലവഴിച്ച് 12 അലമാരകൾ വാങ്ങി. 10 അലമാരകൾ വാങ്ങി വിതരണം ചെയ്യുവാനാണ് കമ്മറ്റി നിർദ്ദേശിച്ചിരുന്നതെങ്കിലും 12 എണ്ണം വാങ്ങി ഇതിൽ 10 എണ്ണം മാത്രമേ വിതരണം ചെയ്തിട്ടുള്ളൂ. ആയതിനാൽ ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റിയുടെ അംഗീകാരം ഇല്ലാതെ വാങ്ങിയിട്ടുള്ളതും വിതരണം ചെയ്യാത്തതുമായ 2 അലമാരകൾ വാങ്ങുന്നതിനായി ചെലവഴിച്ച 24,048/- രൂപ നിരാകരിക്കുന്നു. ടി തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

നിരാകരിച്ച തുക - 24,048/- രൂപ

ഓഡിറ്റ് അന്വേഷണം-03, തീയതി – 27-01-2022

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 21.1.2022 | കെ.എസ്.എ.കെ.എൽ.എം.പി.11/177/22 തീയതി. 16.07.2022 |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | പ്രോജക്ടിന്റെ പേര് | ലഭിച്ച തുക(രൂപ) | ചെലവ് (രൂപ) | ബാലൻസ് (രൂപ) |
|---|---|---|---|---|---|
| ഗ്രാമപഞ്ചായത്ത് | 2020-21 | പി.എം.എ.വൈ (ജനറൽ – 188/21) | 19,60,000/- | - | 19,60,000/- |
| ജില്ലാ പഞ്ചായത്ത് | 2020-21 | പി.എം.എ.വൈ (ജനറൽ – 188/21) | 27,40,000/- | - | 27,40,000/- |
| ഗ്രാമപഞ്ചായത്ത് | 2020-21 | പി.എം.എ.വൈ (എസ്.സി – 200/21) | 70,000/- | - | 70,000/- |
| ജില്ലാ പഞ്ചായത്ത് | 2020-21 | പി.എം.എ.വൈ(എസ്.സി – 200/21) | 98,000/- | - | 98,000/- |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി

തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക(രൂപ) | ചെലവഴിച്ച തുക(രൂപ) | ചെലവഴിക്കാൻ ബാക്കിയുള്ള തുക(രൂപ) |
|---|---|---|---|---|---|
| PWD-Electronics Division | എസ്.129/21-കുളക്കട സി.എച്ച്.സിയിൽ സി.സി.റ്റി.വി ക്യാമറ സ്ഥാപിക്കൽ | 20040100000 | 2,96,883/- | - | 2,96,883/- |
| കേരളാ വാട്ടർ ർ അതോറിറ്റി | എസ്.81/21-എസ്.സികുടിവെള്ള പദ്ധതി ലൈൻ് എക്സ്റ്റൻഷൻ | | 16,61,000/- | 15,05,788/- | 1,55,212/- |
| | എസ്.144/21-ജനറൽ കുടിവെള്ള പദ്ധതി | | 6,15,000/- | 4,11,378/- | 2,03,622/- |
| GWD | എസ്.183/21-മുകളുവിള കുടിവെള്ള പദ്ധതി | | 8,32,175/- | 6,52,800/- | 1,79,375/- |
| കേരളാ വാട്ടർ അതോറിറ്റി | എസ്.171/21-ജനറൽ കുടിവെള്ള പദ്ധതി | | 4,30,000/- | 2,35,290/- | 1,94,710/- |
| GWD | എസ്.184/21-കടുവാപ്പാറ മുളവനാംകുഴി | | 7,85,672/- | - | 7,85,672/- |

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

### 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

### 4-6 സ്ഥിര നിക്ഷേപം

ഇല്ല

### 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| ക്രമ നം | റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക (രൂപ) | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/തീയതി |
|---|---|---|---|---|---|
| 1 | 2012-13 | അധിക തുക നൽകിയത് (ആർ ആർ നടപടി) | 1,962/- | ഏലിയാമ്മ ജോർജ്ജ് | 4707127, 10.06.2020 |
| 2 | 2018-19 | പെർഫോമൻസ് 1.18 | 18,450/- | അസി.എക്സി.എഞ്ചിനീയർ, എൽ.എസ്.ജി.ഡി, വെട്ടിക്കവല | 4707137, 05.10.2021 |
| 3 | 2018-20 | ലോക്കൽ ഫണ്ട് | 8,430/- | അസി.എക്സി.എഞ്ചിനീയർ, | 4707138, |

| | | | | | |
|---|---|---|---|---|---|
| | | 1.18 | | എൽ.എസ്.ജി.ഡി, വെട്ടിക്കവല | 05.10.2021 |
| | | ആകെ | 28,842/- | | |

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | - | 2001-02 | 5.13(i) | പുത്തൂർ പ്രീ-മെട്രിക് ഹോസ്റ്റലിലെ അന്തേവാസികൾക്ക് കട്ടിലും, കസേരയും വാങ്ങി വിതരണം | ലഭ്യമല്ല |
| 1998-99 | - | 2001-02 | 5.13(ii) | റഫറൻസ് ലൈബ്രറി വ്യാപനം | - |
| 1999-2000 | 28 | 2002-03 | 7.3(i) | ഗുണഭോക്തൃ കമ്മിറ്റി ചെലവ് അനുവദനീയമല്ല | - |
| 1999-2000 | 29 | 2002-03 | 7.3(ii) | അംഗൻവാടികൾക്ക് കെട്ടിടനിർമ്മാണംഅധികച്ചെലവ് നിരാകരിക്കുന്നു | - |
| 1999-2000 | 35 | 2002-03 | 7.3(i Ii) | ഭൂരഹിത പട്ടിക വിഭാഗ പുനരധിവാസപദ്ധതി യോഗ്യതയില്ലാത്ത വ്യക്തിക്ക് ധനസഹായം നൽകി | - |
| 2007-08 | 3-22 | 2010-11 | 5.4.2 | ഗവ. നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി SGSRY പദ്ധതിയിൽ 31.3.08-ൽ അഡ്വാൻസ് നൽകി | - |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) <*പഞ്ചായത്ത് *> ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക (രൂപ) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 24,048/- | ശ്രീമതി.അനു.സി എസ്,സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക(രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-11 | 1,41,020/- | ശ്രീമതി.അനു.സി എസ്, സെക്രട്ടറി |
| 1-12 | 3,34,704/- | ശ്രീമതി.അനു.സി എസ്, സെക്രട്ടറി |
| 1-13 | 6,73,458/- | ശ്രീ.സുരേഷ് കുമാർ കെ എസ്, സെക്രട്ടറി |

| | | |
|---|---|---|
| 1-15 | 4,00,000/- | ശ്രീ.ബിനോയ്, പട്ടികജാതി വികസന ഓഫീസർ |
| 1-17 | 20,72,563/- | ശ്രീമതി.അനു.സി എസ്, സെക്രട്ടറി |
| 1-18 | 7,32,919/- | ശ്രീമതി.അനു.സി എസ്, സെക്രട്ടറി |
| 1-19 | 7,00,000/- | ഡോ. നിസാം. എം. എ., സീനിയർ വെറ്റിനറി സർജൻ |

(ബി).കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.അനു.സി എസ്, സെക്രട്ടറി | സെക്രട്ടറി, നേമം ബ്ലോക്ക് പഞ്ചായത്ത് | കോടാലിയിൽവീട്, ചാത്തന്നൂർ പി ഒ |
| ശ്രീ.സുരേഷ് കുമാർ കെ എസ്, സെക്രട്ടറി | വിരമിച്ചു | തിരുവാതിര, ആർ എൽ ആർ എ – 215, ആയൂർക്കോണം, പേരൂർക്കട |
| ശ്രീ.ബിനോയ്, പട്ടികജാതി വികസന ഓഫീസർ | പട്ടികജാതി വികസന ഓഫീസർ, വെട്ടിക്കവല | നാരായണാലയം, വാളത്തുംഗൽ, കൊല്ലം |
| ഡോ. നിസാം. എം. എ., സീനിയർ വെറ്റിനറി സർജൻ | സീനിയർ വെറ്റിനറി സർജൻ, വെട്ടിക്കവല | ബർക്കത്ത്, നിലമേൽ |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | കെ.എസ്.എ.കെ.എൽ.എം പി11-31/2018 /19.02.18 | 11 |
| 1998-99 | കെ.എസ്.എ.കെ.എൽ.എം പി11-31/2018 /19.02.18 | 7 |
| 1999-2000 | കെ.എസ്.എ.കെ.എൽ.എം പി11-31/2018 /19.02.18 | 10 |
| 2003-04 | കെ.എസ്.എ.കെ.എൽ.എം പി11-31/2018 /19.02.18 | 4 |
| 2004-05 | കെ.എസ്.എ.കെ.എൽ.എം പി11-31/2018 /19.02.18 | 9 |
| 2005-06 | കെ.എസ്.എ.കെ.എൽ.എം പി11-31/2018 /19.02.18 | 6 |

| | | |
|---|---|---|
| 2006-07 | കെ.എസ്.എ.കെ.എൽ.എം പി11-31/2018 /19.02.18 | 8 |
| 2007-08 | എൽ.എഫ്.ക്യൂ.ഡി.ബി 1518(4)/14/08.07.14 | 9 |
| 2008-09 | എൽ.എഫ്.ക്യൂ.ഡി.ബി 1518(3)/14/08.07.14 | 10 |
| 2009-10 | എൽ.എഫ്.ക്യൂ.ഡി.ബി 1518(2)/14/08.07.14 | 12 |
| 2010-11 & 2011-12 | എൽ.എഫ്.ക്യൂ.ഡി.ബി 1518(1)/14/08.07.14 | 17 |
| 2012-13 & 2013-14 | കെ.എസ്.എ.കെ.എൽ.എം പി11/1598/18.11.15 | 17 |
| 2014-15 & 2015-16 | കെ.എസ്.എ.കെ.എൽ.എം പി11/1598/18.11.15 | എല്ലാ ഖണ്ഡികകളും |
| 2016-17 | കെ.എസ്.എ.കെ.എൽ.എം പി11/1984/17/ 11.12.17 | എല്ലാ ഖണ്ഡികകളും |
| 2017-18 | കെ.എസ്.എ.കെ.എൽ.എം പി11/52/17/ 17.04.19 | എല്ലാ ഖണ്ഡികകളും |
| 2018-19 | കെ.എസ്.എ.കെ.എൽ.എം പി11/1034/2020/ 20.11.2020 | എല്ലാ ഖണ്ഡികകളും |
| 2019-20 | കെ.എസ്.എ.കെ.എൽ.എം പി11/176/2022 /05.07.2022 | എല്ലാ ഖണ്ഡികകളും |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ല ഓഡിറ്റ് കാര്യാലയം, കൊല്ലം.
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3

## അനുബന്ധപത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ല ഓഡിറ്റ് കാര്യാലയം, കൊല്ലം.
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്